## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1946 — 19.06.2012-ൽ മറുപടിക്ക്.

## കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. കെ. വി. വിജയദാസ്:<br>ശ്രീമതി. കെ. എസ്. സലീഖ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ ശിലാസ്ഥാപനം നടത്തിയതല്ലാതെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതായി റയിൽവേ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | മുൻസർക്കാർ ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലം റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ; സ്ഥലം വീണ്ടും സർവ്വേ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് പദ്ധതിക്കായി 430.59 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും, അതിൽ 429.27 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. അതിൽ പദ്ധതി നടത്തുവാനായി റയിൽവേ 239 ഏക്കർ ഭൂമി വിലയ്ക്ക് ചോദിക്കുകയും, അത് 33.70 കോടി രൂപയ്ക്ക് കേന്ദ്ര റയിൽ മന്ത്രാലയത്തിന് കൈമാറുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ 239 ഏക്കർ ഭൂമി റയിൽവേക്ക് കൈമാറുന്നതിനായി ജോയിന്റ് സർവ്വേ ചെയ്ത് അടയാളപ്പെടുത്തി നല്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ഭൂമിക്ക് പുറമേ 91.59 ഏക്കർ ഭൂമി കൂടി റയിൽവേക്ക് വേണ്ടിവരുമെന്നും റയിൽവേ അറിയിച്ചിട്ടുണ്ട്. |
| (സി) | ഫാക്ടറി നിർമ്മാണത്തിനുള്ള പങ്കാളിത്ത കമ്പനിയെ റെയിൽവേ കണ്ടെത്തിയിട്ടുണ്ടോ; | (സി), (ഡി) & (ഇ) | 21-2-2012 ൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി സ്വകാര്യപങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായിരിക്കുമെന്നും പങ്കാളിത്ത കമ്പനിയെ കണ്ടെത്തുവാനുള്ള International Competitive Bidding നടപടിക്രമങ്ങൾ തുടങ്ങി കഴിഞ്ഞെന്നും താമസിയാതെ സംസ്ഥാന സർക്കാർ അനുവദിച്ച ഭൂമി ഏറ്റെടുക്കുമെന്നും, റയിൽവേ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോച്ച് ഫാക്ടറിയുടെ നിർമ്മാണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഇ) | പ്രസ്തുത പദ്ധതിക്ക് അന്തിമരൂപം ആയിട്ടുള്ളതായി സംസ്ഥാന സർക്കാരിന് അറിയുമോ? | | |

സെക്ഷൻ ഓഫീസർ